പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2863

20/06/2013 -ൽ മറുപടിക്ക്

**രജിസ്ട്രേഷൻ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ ഓഫീസുകളിൽ ഏർപ്പെടുത്തുന്ന ഇ-ഫയലിംഗ്/ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം മൂലം ഭൂമി സംബന്ധിച്ച രേഖകളുടെ ആധികാരികത നഷ്ടപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | എ) ഭൂരേഖാകൈമാറ്റം സംബന്ധിച്ച വിവരങ്ങൾ തത്സമയം അറിയാൻകഴിയുന്ന, അനധികൃത തിരുത്തലുകൾക്ക് ഇടനൽകാത്ത രീതിയിൽ, അതീവ സുരക്ഷാ സംവിധാനമുള്ള കമ്പ്യൂട്ടറുകളിൽ ഭൂരേഖാവിവരങ്ങൾ സൂക്ഷിച്ചുകൊണ്ട്, വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനത്തിലൂടെ നിരാക്ഷേപമായ രീതിയിലുള്ള ഇടപാടുകൾക്ക് വഴിയൊരുക്കുന്ന പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാൽ രേഖകളുടെ ആധികാരികത നഷ്ടപ്പെടുന്നില്ല. |
| ബി) രജിസ്ട്രേഷൻ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണം സ്വകാര്യവൽക്കരണത്തിനുള്ള ആദ്യ നടപടിയായി വിലയിരുത്തപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ആസൂത്രണത്തിനും വികസനത്തിനും ഉള്ള പ്രധാന ഉപാധിയെന്ന നിലയിലാണ് രജിസ്ട്രേഷൻ നടപടികളുടെ കമ്പ്യൂട്ടർവത്ക്കരണം വിലയിരുത്തപ്പെടുന്നത്. |
| സി) രജിസ്ട്രേഷൻനടപടികൾ സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായാണോ പ്രസ്തുത ഇ-ഫയലിംഗ്/കമ്പ്യൂട്ടർവല്ക്കരണം നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) രജിസ്ട്രേഷൻ നടപടികൾ സ്വകാര്യവത്ക്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.